എംപ്ലായ്മെന്റ് എക്സ്ചേഞ്ചിൽ ജോലിക്കപേക്ഷിച്ചവർ

* 318. [5] † ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് 1963 ജനുവരിമാസം മുതൽ ഡിസംബർ അവസാനംവരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത വരുടെ എണ്ണമെത്ര;

(ബി) ഇവരിൽ എത്രപേർക്ക് ജോലികിട്ടി;

(സി) ടെമ്പററി പോസ്റ്റിൽ എത്ര;

(ഡി) സ്ഥിരമായ നിയമനം എത്ര?

ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഈ സംസ്ഥാനത്ത് 1963 ജനുവരിമാസംമുതൽ ഡിസംബർ അവസാനംവരെ എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളിൽ ആകെ 1,42,735 രജിസ്ട്രേഷനുകൾ നടന്നിട്ടുണ്ട്. ഒരാൾതന്നെ പലതവണ പേർ രജിസ്റ്റർ ചെയ്യാവുന്നതുകൊണ്ട് രജിസ്റ്റർ ചെയ്ത ആളുകളുടെഎണ്ണം രജിസ്ട്രേഷനേക്കാൾ കുറവായിരിക്കും.

(ബി) 8348

(സി) 7633

(ഡി) 715

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ എംപ്ലായ്മെൻറ് എക്സ്ചേഞ്ചു മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ള ജോലിക്ക് ആ പ്രത്യേകവിഭാഗത്തിനു ആവശ്യമായ യോഗ്യതയുള്ള ആൾക്കാരെ കിട്ടാത്തതുകൊണ്ട് ആവശ്യമായ ആളുകളുടെ പേരു നിർദ്ദേശിക്കാൻ കഴിയാതെ പോകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ : സാധാരണയായി സാങ്കേതികമായിട്ടുള്ള പരീക്ഷായോഗ്യതകൾ ആവശ്യമായിട്ടുള്ള ജോലികൾക്ക് പ്രത്യേകം പ്രത്യേകമായി ഇന്നയിന്ന ജോലിക്ക് അവർ തയാറാണെന്നു പറയും. അപ്പോൾ അതു പരിശോധിക്കുന്ന അവസരങ്ങളിൽ ആവശ്യമായ പരീക്ഷായോഗ്യതയുള്ള വരുടെ പേരുകൾ കണ്ടില്ലാ എന്നു വരാം.

ശ്രീ. എം. നാരായണക്കുറുപ്പ് : നമ്മുടെമാതൃഭാഷയായ മലയാളത്തിൽ വിദഗ്ദ്ധമായ പരീക്ഷായോഗ്യതയുള്ളവരെ അവർക്ക് സപ്ലൈ ചെയ്യാൻ സാധിച്ചില്ലാ എന്നു പറയുന്നുണ്ട്. അതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ : ഓർമ്മയിൽനിന്നും പറയാൻ നിവൃത്തിയില്ല പ്രത്യേകമായി അതുപോലെ യോഗ്യതയുള്ള ആളുകളെ സപ്ലൈ ചെയ്യാൻ കഴിയാത്തതു ഇവിടെ അതിനുള്ള സൗകര്യക്കുറവുകൊണ്ടായിരിക്കും. അതിനു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുതന്നെ പ്രത്യേകം പരീക്ഷ നടത്തിയാൽ മതി. അതു സാദ്ധ്യമാകും.

ശ്രീ. എം. എം. മത്തായി : ഈ എംപ്ലായ്മെൻറ് എക്സ്ചേഞ്ചു മുഖാന്തിരം നിയമനം കിട്ടി അഞ്ചും ആറും വർഷം ജോലി ചെയ്തതിനുശേഷം അവരെ പിരിച്ചുവിടുന്നതുകൊണ്ട് അവർക്ക് പിന്നീട് സപ്ലീസു കമ്മീഷൻ മുഖാന്തിരമുള്ള നിയമനത്തിനുവേണ്ടി അപേക്ഷിക്കുന്നതിനു പോലും വയഃക്ലിപ്തിയുടെപേരിൽ സാധിക്കാതെ വരുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

† Put by Shri P. Ravindran.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : ഈ എംപ്ലായ്മെൻറ് എക്സ്ചേഞ്ചുവഴി നടത്തുന്ന ഉദ്യോഗനിയമനങ്ങളും താൽക്കാലികമാണ്. സ്ഥിരമായ ജോലിയാണെന്നുണ്ടെങ്കിൽ അതിനു പബ്ലിക്സ്സർവ്വീസുകമ്മിഷൻവേണം.

ശ്രീ. പി. രവീന്ദ്രൻ : സ്ഥിരമായ നിയമനം എത്ര എന്നു ചോദിച്ചതിനു 715 എന്നു ഉത്തരം പറഞ്ഞു. ഇതു പ്രധാനമായി ഏതു വകുപ്പുകളിലെല്ലാമാണ് നടത്തീട്ടുള്ളതു്.

ശ്രീ. കെ. ടി. അച്യുതൻ : ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിലല്ല. അതിൽ നിന്നും നിയമിച്ചിട്ടുള്ളവർ തന്നെ പിന്നീടു പബ്ലിക്സ്സർവ്വീസ് കമ്മീഷൻറെ നിയമനം മുഖാന്തിരം ഗവണ്മെൻറുഡിപ്പാർട്ടുമെൻറുകളിൽ വന്നിട്ടുള്ളവരായിരിക്കും. അങ്ങനെ സ്ഥിരമായി നിയമനം സിദ്ധിച്ചിട്ടുള്ളവരാണ്.

ശ്രീ. കെ. എം. ജോർജ്ജ് : എംപ്ലായ്മെൻറു എക്സ്ചേഞ്ചുവഴി റിക്രൂട്ടു ചെയ്ത അഞ്ചും ആറും വർഷം കഴിഞ്ഞു അവരെ പിരിച്ചു വിടുകയാണെങ്കിൽ പബ്ലിക്സ്സർവ്വീസുകമ്മിഷൻറെ ഒരു നോട്ടിഫിക്കേഷൻ അനുസരിച്ചു അവരുടെ ഈ പ്രത്യേകസാഹചര്യത്തിൽ വയഃക്ലിപ്തിയുടെപേരിൽ അവർക്കു അപ്പൈ ചെയ്യാൻ സാധിക്കാതെ വരുന്നുണ്ടു്. അങ്ങനെയുള്ളവരെസംബന്ധിച്ചെങ്കിലും അവർക്കുംകൂടി അപേക്ഷിക്കുന്നതിനു സന്ദർഭം കൊടുക്കാൻ തയാറാകുമോ?

ശ്രീ. കെ. ടി. അച്യുതൻ : അതു എജ്ജുബാർ എക്സംപ്ഷൻ കൊടുക്കേണ്ട കാര്യമാണു്. പൊതുവെ പറഞ്ഞാൽ എംപ്ലായ്മെൻറുഎക്സ്ചേഞ്ചു വഴി നിയമനം നടത്തിയിട്ടുള്ളതു താൽക്കാലികമായിട്ടാണു്. അങ്ങനെയുള്ളവർ അതിൻറെ കാരണം പറഞ്ഞുകൊണ്ടു ഞങ്ങൾക്കു രണ്ടുമൂന്നുകൊല്ലം അപ്പോഴപ്പോഴായി ജോലിനോക്കിട്ടുണ്ടു്, അതുകൊണ്ടു് ഞങ്ങൾക്കു എജ്ജുബാർ എക്സംപ്ഷൻ കിട്ടണം എന്നുപറഞ്ഞാൽ അതു വിഷമമാണു്.

ശ്രീ. കെ. ഹസൻഗനി : താൽക്കാലികമായ നിയമനങ്ങളാണു് എംപ്ലായ്മെൻറു എക്സ്ചേഞ്ചുമുഖാന്തിരം നടക്കുന്നതു എന്നു പറയുന്നതു ശരിയല്ല. അതായതു്, ഹാർബർ, ഗവണ്മെൻറു വ്യവസായസ്ഥാപനങ്ങളും ഇതിലെല്ലാമുള്ള നിയമനങ്ങളും സ്ഥിരമായിട്ടുള്ള നിയമനങ്ങളാണു്. അങ്ങനെയുള്ള നിയമനങ്ങളിൽ സംവരണവ്യവസ്ഥ പാലിക്കാത്തതുകൊണ്ടു ന്യൂനപക്ഷസമുദായങ്ങൾക്കു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടെന്നറിയാമോ?

ശ്രീ. കെ. ടി. അച്യുതൻ : കേന്ദ്രഗവണ്മെൻറു ചെയ്യുന്നതായ കാര്യങ്ങളെപ്പറ്റി എംപ്ലായ്മെൻറു എക്സ്ചേഞ്ചിനു ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഇത്രപേർ വേണമെന്നു അവരോടു ആവശ്യപ്പെട്ടാൽ അതു നിയമിച്ചുകൊടുക്കുകയല്ലാതെ മറെറാന്നും ചെയ്യാൻ നിവൃത്തിയില്ല. എന്നാൽ സ്റേറഗവണ്മെൻറുകളെസംബന്ധിച്ചിടത്തോളം സ്ഥിരമായി നിയമനങ്ങളും ഒന്നും നടത്തുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കേന്ദ്രഗവണ്മെൻറു എംപ്ലായ്മെൻറു എക്സ്ചേഞ്ചിൽ ആവശ്യപ്പെടുമ്പോൾ പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും ഇത്രയെന്നു പ്രത്യേകം നിർദ്ദേശം കൊടുക്കുന്നതായും ഇന്നയിന്ന പോസ്റുകൾ റിസർവേഷനാണെന്നും പറയാറുണ്ടു്. എന്നാൽ എംപ്ലായ്മെൻറു എക്സ്ചേഞ്ചു് അങ്ങനെ യാതൊന്നും പറയാറില്ലെന്നറിയാമോ? അതു സ്റേറഗവണ്മെൻറിൻറെ കീഴിലുള്ള പ്രവർത്തനമാണു്.

ശ്രീ. കെ. ടി. അച്യുതൻ : സ്റേറഗവണ്മെൻറുകളെ സംബന്ധിച്ചിടത്തോളം എംപ്ലായ്മെൻറു എക്സ്ചേഞ്ചിൽനിന്നും സംവരണ സംപ്രദായപ്രകാരം ലിസ്റുയയ്ക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ടു്. അതുകൊണ്ടു സ്റേറഗവണ്മെൻറു നിയമനങ്ങളിൽ സംവരണവ്യവസ്ഥ പാലിച്ചുവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly